"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- തിരുവനന്തപുരം കോർപ്പറേഷൻ കുന്നുകുഴി വാർഡിലെ മേയേഴ്സ് ഭവൻ നിർമ്മാണം എന്ന പ്രോജക്ട് വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.1509/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/08/2020

---

പരാമർശം:- 1 23.08.2017 ലെ വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 3.9 നമ്പർ തീരുമാനം

2 25.10.2017 ലെ സ.ഉ(സാധാ.) നം. 3403/2017/ത.സ്വ.ഭ.വ ഉത്തരവ്

3 തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 20.02.2020 ലെ E11/E10/83192/17നമ്പർ കത്ത്.

4 25.02.2020 ലെ വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 4.94 നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

തിരുവനന്തപുരം കോർപ്പറേഷനിൽ കുന്നുകുഴി വാർഡിലെ മേയേഴ്സ് ഭവൻ നിർമ്മാണം എന്ന പ്രോജക്റ്റ് 23.08.2017 ലെ വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും, കമ്മിറ്റി തീരുമാനപ്രകാരം തിരുവനന്തപുരം കോർപറേഷന് പദ്ധതി വിഹിതം ഉപയോഗിക്കുന്നതിനും, മറ്റു കോർപറേഷനുകൾ 50 ലക്ഷം രൂപ വീതം തനതു ഫണ്ടിൽ നിന്നും 2 വർഷംകൊണ്ട് 2 ഗഡുക്കളായി നൽകുന്നതിനും പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നു..

4.85 കോടി രൂപ വകയിരുത്തി പ്രോജക്ട് തയാറാക്കി പ്രവൃത്തി ടെൻഡർ ചെയ്ത മേയേഴ്സ് ഭവൻ നിർമ്മാണം വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന വിഷയം 25.02.2020 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി വീണ്ടും പരിഗണിച്ചു. പരാമർശം 4 ലെ കമ്മിറ്റി തീരുമാനപ്രകാരം പരാമർശം (2) ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് അധികമായ തുക വികസന ഫണ്ടിൽ നിന്ന് ചെലവഴിക്കാൻ തിരുവനന്തപുരം കോർപ്പറേഷന് അനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

മേയർ/സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2020.08.14 12:28:50 IST
Reason: Approved